(ഡി) ബാങ്കുകളിലേക്ക് നിക്ഷേപം സ്വരൂപിക്കുന്ന വിഭാഗം എന്ന നിലയിൽ ഈ വിഭാഗം ജീവനക്കാർക്ക് ഫെസ്റ്റിവൽ അലവൻസ് നൽകുന്നതിന് ഗവൺമെന്റ് നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

(ബി) കമ്മിഷൻ കുറവു വരുത്തുന്നതായുള്ള പരാതിയിന്മേൽ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(സി) ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

(ഡി) ഡിപ്പോസിറ്റ് കളക്ടർമാർക്ക് ഫെസ്റ്റിവൽ അലവൻസ് നൽകുന്ന കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

അഡ്മിനിസ്ട്രേറ്റർ ഭരണത്തിൽ സഹകരണ സംഘത്തിലേക്ക് പുതുതായി അംഗത്വം

172 [771] ശ്രീ. ടി. പി. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ സംഘങ്ങൾ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയുടേയോ അഡ്മിനിസ്ട്രേറ്ററുടേയോ ഭരണത്തിലായിരിക്കുമ്പോൾ, സംഘത്തിൽ പുതുതായി അംഗത്വം നൽകുന്നതിന് നിലവിലുള്ള നിയമം വ്യവസ്ഥചെയ്യുന്നുണ്ടോ ; ഇക്കാര്യത്തിൽ സുപ്രീം കോടതിയുടെ അന്തിമ വിധി എന്തായിരുന്നു ; വിശദമാക്കാമോ ;

(ബി) അഡ്മിനിസ്ട്രേറ്റർ ഭരണത്തിൽ സംഘത്തിലേക്ക് പുതുതായി അംഗത്വം ലഭിച്ചവർക്ക് അടുത്ത ഭരണസമിതി തെരഞ്ഞെടുപ്പിൽ വോട്ടവകാശം രേഖപ്പെടുത്തുന്നതിന് അധികാരമുണ്ടോ ; എങ്കിൽ വിശദമാക്കാമോ ;

(സി) അഡ്മിനിസ്ട്രേറ്റർ ഭരണകാലത്ത് അംഗത്വം ലഭിച്ച ഏതെങ്കിലും ആൾ ഏതെങ്കിലും സംഘത്തിന്റെ ഭരണസമിതി തെരഞ്ഞെടുപ്പിൽ വോട്ടവകാശം വിനിയോഗിച്ചതായി ഈ സർക്കാരിന്റേയോ മുൻസർക്കാരിന്റേയോ കാലത്ത് പരാതി ഉണ്ടായിട്ടുണ്ടോ ; എങ്കിൽ വിശദമാക്കാമോ ?

ഉത്തരം

(എ) കേരള സഹകരണ നിയമത്തിലെ 32 (4), 33 (2) എന്നീ വകുപ്പുകൾ പ്രകാരം നിയമിക്കപ്പെടുന്ന അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി, അഡ്മിനിസ്ട്രേറ്റർ, അഡ്മിനിസ്ട്രേറ്റേഴ്സിന് രജിസ്ട്രാറുടെ നിയന്ത്രണത്തിലും അദ്ദേഹം നൽകുന്ന നിർദ്ദേശങ്ങൾക്കും വിധേയമായി ഒരു സംഘത്തിലെ കമ്മിറ്റിയുടേയോ ഓഫീസറുടേയോ ഏതെങ്കിലുമോ എല്ലാമോ അധികാരങ്ങളും കർത്തവ്യങ്ങളും ഉണ്ടായിരിക്കുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതനുസരിച്ച് പുതുതായി അംഗത്വം നൽകാവുന്നതാണ്. എന്നാൽ [എസ്സ്.എൽ.പി.(സി.) നമ്പർ 16608/98-16614/98] കേസിൽ ബഹുമാനപ്പെട്ട സുപ്രീംകോടതി

LIBRARY ARCHIVES Kerala Legislative Assembly

അഡ്മിനിസ്ട്രേറ്റർക്ക് അഥവാ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിക്ക് പുതിയ അംഗങ്ങളെ ചേർക്കാൻ അധികാരമില്ലെന്നും ഒരു തെരഞ്ഞെടുക്കപ്പെട്ട കമ്മിറ്റിയുടെ ഭരണത്തിൻ കീഴിൽ ജനാധിപത്യപരമായ രീതിയിൽ വേണം ഒരു സഹകരണ സംഘം പ്രവർത്തിപ്പിക്കേണ്ടതെന്നും, പ്രസ്തുത കമ്മിറ്റിക്കാണ് പുതുതായി അംഗങ്ങളെ ചേർക്കുന്നതിനധികാരമുള്ളതെന്നും വിധി പുറപ്പെടുവിക്കുകയുണ്ടായി.

(ബി) ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ മേൽ വിധിയുടെ അടിസ്ഥാനത്തിൽ വോട്ടവകാശം രേഖപ്പെടുത്തുന്നതിന് അധികാരമില്ല.

(സി) സംസ്ഥാനത്ത് 17 സഹകരണ സ്ഥാപനങ്ങളിൽ ഇപ്രകാരം വോട്ടവകാശം വിനിയോഗിച്ചതായി പരാതി ഉണ്ടായിട്ടുണ്ട്. അവയുടെ പേര് വിവരം താഴെ ചേർക്കുന്നു.

ക്രമ നമ്പർ	ജില്ല	സഹകരണ സ്ഥാപനങ്ങൾ
1	എറണാകുളം	ഊന്നുകാൽ സർവീസ് സഹകരണ ബാങ്ക്
2	,,	കുന്നത്തുനാട് സർവീസ് സഹകരണ ബാങ്ക്
3	പാലക്കാട്	പെരുമാട്ടി സർവീസ് സഹകരണ ബാങ്ക്
4	,,	പട്ടംചേരി സർവീസ് സഹകരണ ബാങ്ക്
5	,,	മുലത്തറ സർവീസ് സഹകരണ ബാങ്ക്
6	,,	കുമരംപുത്തൂർ സർവീസ് സഹകരണ ബാങ്ക്
7	,,	വല്ലപ്പുഴ സർവീസ് സഹകരണ ബാങ്ക്
8	,,	കണ്ണാടി സർവീസ് സഹകരണ ബാങ്ക്
9	,,	വിളയം സർവീസ് സഹകരണ ബാങ്ക്
10	,,	മങ്കര സർവീസ് സഹകരണ ബാങ്ക്
11	,,	മണ്ണൂർ സർവീസ് സഹകരണ ബാങ്ക്
12	,,	തടുക്കശ്ശേരി സർവീസ് സഹകരണ ബാങ്ക്
13	,,	മുങ്കിൽമട സർവീസ് സഹകരണ ബാങ്ക്
14	,,	പാലക്കാട് ജില്ലാ സഹകരണ ബാങ്ക്
15	മലപ്പുറം	താനൂർ സർവീസ് സഹകരണ ബാങ്ക്
16	,,	പരപ്പൂർ സഹകരണ ഡിസ്പെൻസറി
17	കാസർഗോഡ്	പനത്തടി സർവീസ് സഹകരണ ബാങ്ക്

LIBRARY ARCHIVES Kerala Legislative Assembly